# പതിനാലാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.2936 18.06.2018 -ൽ മറുപടിക്ക്

## കോഴിക്കോട് ജില്ലയിലെ വില്ലേജ് ഓഫീസുകളുടെ നവീകരണം

| ചോദ്യം | | ഉത്തരം |
| --- | --- | --- |
| ശ്രീ.കെ. ദാസൻ : | | ശ്രീ.ഇ.ചന്ദ്രശേഖരൻ<br>(റവന്യൂവും ഭവന നിർമ്മാണവും വകുപ്പുമന്ത്രി) |
| (എ) കേരളത്തിലെ വില്ലേജ് ഓഫീസുകൾ നവീകരിച്ച് ഇ-ഓഫീസ് സൗകര്യത്തോടെ സജ്ജമാക്കുന്ന പദ്ധതിയിൻമേൽ നാളിതുവരെ നടന്നിട്ടുള്ള പ്രവർത്തനങ്ങൾ എന്തെല്ലാമെന്ന് വിശദമാക്കാമോ; | (എ) | വില്ലേജ് ആഫീസുകളിൽ ഇ-ആഫീസ് പദ്ധതി നടപ്പിലാക്കിയിട്ടില്ല. എന്നാൽ സംസ്ഥാനത്തെ വില്ലേജ് ആഫീസുകളെ നവീകരിച്ച് സ്മാർട്ട് വില്ലേജ് ആഫീസുകളായി ഉയർത്തുന്നതിനും പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനും ആവിഷ്കരിച്ചിട്ടുള്ള പദ്ധതിയാണ് സ്മാർട്ട് റവന്യൂ ആഫീസ് പദ്ധതി. സംസ്ഥാനത്തെ റവന്യൂ ഓഫീസുകളെ ജനസൗഹൃദ ഓഫീസുകളാക്കി മാറ്റി അവയിൽ നിന്ന് വേഗത്തിലും (Speedy) ആധുനിക രീതിയിലുള്ള . അന്തരീക്ഷത്തിലും (Modern) ഉറപ്പായും (Assured) ഉത്തരവാദിത്വത്തോടെയും (Responsible) സുതാര്യമായും (Transparent) സേവനങ്ങൾ നൽകുക എന്ന ഉദ്ദേശത്തോടുകൂടിയാണ് (SMART) സ്മാർട്ട് റവന്യൂ ആഫീസ് പദ്ധതി ആവിഷ്കരിച്ചിട്ടുള്ളത്. ഇതനുസരിച്ച് ആധുനിക സൗകര്യങ്ങളോടുകൂടിയ കെട്ടിടങ്ങളും ഇ-ഗവേണൻസിന്റെ സഹായത്തോടുകൂടി വില്ലേജ് ഓഫീസുകളിൽ നിന്നുള്ള സേവനങ്ങൾ പൗരന് ഏത് സമയത്തും, എവിടെവച്ചും (Any time Anywhere) ലഭ്യമാക്കുവാനാണ് ലക്ഷ്യമിടുന്നത്.<br>2013-14 സാമ്പത്തിക വർഷത്തിൽ ആരംഭിച്ച സ്മാർട്ട് റവന്യൂ ആഫീസ് പദ്ധതി പ്രകാരം നാളിതുവരെ 80 വില്ലേജാഫീസുകൾ സ്മാർട്ട് വില്ലേജാഫീസുകൾ ആക്കുന്നതിന് ഭരണാനുമതി നൽകിയിട്ടുണ്ട്. 2018-19 സാമ്പത്തിക വർഷത്തിൽ 50 വില്ലേജാഫീസുകളെ സ്മാർട്ട് വില്ലേജുകളാക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്. |

| | | | |
|---|---|---|---|
| (ബി) | ഈ പദ്ധതിയിൽ ഉൾപ്പെടുത്തി കോഴിക്കോട് ജില്ലയിലെ ഏതെല്ലാം വില്ലേജ് ഓഫീസുകളാണ് ഇപ്പോൾ നവീകരിക്കുന്നത്;ജില്ലയിലെ നിയോജകമണ്ഡലം തിരിച്ച് വ്യക്തമാക്കാമോ; | (ബി) | കോഴിക്കോട് ജില്ലയിൽ പന്തീരങ്കാവ് (കുന്ദമംഗലം നിയോജക മണ്ഡലം) വില്ലേജ് സ്മാർട്ട് വില്ലേജ് ഓഫീസ് പരിധിയിൽ നവീകരണം പൂർത്തിയാക്കിയതാണ്. കൂടാതെ ആയഞ്ചേരി (കുറ്റ്യാടി നിയോജക മണ്ഡലം), കരുവൻതിരുത്തി (ബേപ്പൂർ നിയോജക മണ്ഡലം) വില്ലേജ് ഓഫീസുകൾക്ക് സ്മാർട്ട് റവന്യൂ പദ്ധതി പ്രകാരം നവീകരണ പ്രവർത്തനങ്ങൾ നടന്നു വരുന്നു. |
| (സി) | ഈ പദ്ധതിയിലേക്ക് വില്ലേജ് ഓഫീസുകളെ തെരഞ്ഞെടുക്കുന്നതിന് ഏതെങ്കിലും തരത്തിലുള്ള മാനദണ്ഡങ്ങൾ നിലവിലുണ്ടോ; ഉണ്ടെങ്കിൽ വ്യക്തമാക്കാമോ; | (സി) | സ്മാർട്ട് വില്ലേജ് നിർമ്മാണത്തിന് മുൻഗണനാ ക്രമം അനുസരിച്ചുള്ള ലിസ്റ്റ് ജില്ലാ കളക്ടർമാർ ലഭ്യമാക്കിയതിൽനിന്നും സ്വന്തമായി കെട്ടിടമില്ലാത്ത വില്ലേജാഫീസുകൾക്ക് മുൻഗണന കൊടുത്തുകൊണ്ട് സ്മാർട്ട് വില്ലേജാഫീസ് പണിയുന്നതിനുള്ള നടപടികളാണ് സ്വീകരിച്ചു വരുന്നത്. ഓരോ സാമ്പത്തിക വർഷവും സ്മാർട്ട് റവന്യൂ ആഫീസ് പദ്ധതിയ്ക്കായുള്ള ബഡ്ജറ്റ് വിഹിതം അനുസരിച്ച് മുൻഗണനാ ക്രമത്തിലാണ് കെട്ടിട നിർമ്മാണത്തിനു ഫണ്ട് അനുവദിക്കുന്നത്. |
| (ഡി) | ജില്ലയിൽ അടുത്ത ഘട്ടത്തിൽ നവീകരിക്കാനുള്ള വില്ലേജ് ഓഫീസുകൾ കണ്ടെത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ഏതൊക്കെയെന്ന് വ്യക്തമാക്കാമോ? | (ഡി) | 2018-19 വർഷം കോഴിക്കോട് ജില്ലയിൽ തിക്കോടി, കട്ടിപ്പാറ, ചങ്ങരോത്ത് എന്നീ വില്ലേജുകളെ തെരഞ്ഞെടുക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**